>> മുഖക്കുറിപ്പ്

# വിദ്രോഹത്തിന്റെ ചാനലുകൾ

**കുടുംബ** ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളും ടി.വി, ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ കീഴടക്കിക്കൊണ്ടിരിക്കുകയാണെന്നുണർത്തിക്കൊണ്ട് കെ.സി.ബി.സിയുടെ ഫാമിലി കമീഷൻ ഈയിടെ ഇറക്കിയ ഇടയലേഖനം ശ്രദ്ധേയമാണ്. ഗൃഹജോലി, ഭക്ഷണം, യാത്ര, സന്ദർശനങ്ങൾ, അതിഥികളോടുള്ള സമീപനം തുടങ്ങിയ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്ന ശക്തിയായി മാറിയിരിക്കുന്നു ടി.വി. സമ്പത്തും സുഖഭോഗവുമാണ് ജീവിതത്തിന്റെ മാനദണ്ഡം, വിവാഹവും കുടുംബവും നരകീയമാണ്, കുട്ടികൾ അനാവശ്യം, അവിഹിതബന്ധം സാധാരണം, സ്ത്രീ അബലയും ഇരയും, പുരുഷൻ വേട്ടക്കാരൻ, ജീവിത പ്രശ്നങ്ങൾ നേരിടാനുള്ള എളുപ്പവഴിയാണ് മദ്യവും മയക്കുമരുന്നും - ഇതൊക്കെയാണ് ദൃശ്യമാധ്യമങ്ങൾ പ്രേക്ഷകർക്ക് നൽകുന്ന സന്ദേശം. അക്രമം, അഴിമതി, കൊല, കവർച്ച, മാഫിയാ പ്രവർത്തനം, ലൈംഗിക അരാജകത്വം എന്നിവയുടെ ജീർണ സംസ്കാരത്തിലേക്കാണത് സമൂഹത്തെ നയിക്കുന്നതെന്നും ഇടയലേഖനം ചൂണ്ടിക്കാണിക്കുന്നു.

സഭയുടെ ഫാമിലി കമീഷൻ മുഖ്യമായി ഉപദേശിച്ചത് ക്രൈസ്തവ വിശ്വാസികളെയാണെങ്കിലും വിവിധ മതക്കാരും മതമില്ലാത്തവരും അടങ്ങുന്ന മുഴുവൻ കേരളീയ സമൂഹത്തിനും പ്രസക്തമാണീ ആഹ്വാനം. കേരളത്തിൽ ടി.വി പ്രചരിച്ചു തുടങ്ങിയ കാലത്ത് സാംസ്കാരിക വിദ്വാന്മാർ അതിനെ 'വിഡ്ഢിപ്പെട്ടി' എന്ന് വിളിച്ചിരുന്നു. അത് ആളുകളെ വിഡ്ഢിയാക്കുന്ന പെട്ടി മാത്രമല്ല; മനുഷ്യനെ അധാർമികനും സുഖലോലുപനും ക്രിമിനലും മദ്യാസക്തനും ഒക്കെ ആക്കിത്തീർക്കുന്ന പെട്ടിയാണ് എന്നത്രെ കെ.സി.ബി.സി പറയുന്നത്.

ഒരു മാധ്യമം എന്നനിലയിൽ ടെലിവിഷൻ പുരോഗമനാത്മകവും പ്രയോജനകരവുമായ ഉപകരണമാണെന്നതിൽ സന്ദേഹമില്ല. പക്ഷേ, പല കുടുംബങ്ങളിലും ടെലിവിഷൻ എലിവിഷത്തേക്കാൾ മാരകമായ ടെലിവിഷമായി മാറുന്നുവെന്ന വസ്തുതയും അനിഷേധ്യമാണ്. പഠിക്കേണ്ട നേരത്ത് ടെലിവിഷൻ കാണുന്നത് വിലക്കിയതിന്റെ പേരിൽ ആത്മഹത്യ ചെയ്ത സ്കൂൾ വിദ്യാർഥികൾ മതിയായ സാക്ഷ്യമാണ്. ഉപയോഗം മോശമായിട്ടാണെങ്കിൽ ഉപകരണം എത്ര നന്നായിട്ടും കാര്യമില്ല. ദൃശ്യമാധ്യമങ്ങളുടെ കാര്യത്തിൽ ആരോഗ്യകരമായ ഒരു ഉപയോഗരീതി സമൂഹത്തിൽ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. പഠനത്തിന്റെയും പ്രാർഥനയുടെയും സമയങ്ങളിൽ ടി.വി പ്രവർത്തിപ്പിക്കാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക, അധ്യാപകരും പി.ടി.എകളും അതിലവരെ സഹായിക്കുക, മതാപിതാക്കളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക ഇതൊക്കെയാണ് ഇടയലേഖനം മുന്നോട്ടുവെക്കുന്ന ശ്രദ്ധേയമായ നിർദേശങ്ങൾ.

മൂന്നുകോടി ജനങ്ങളുള്ള കേരളത്തിൽ 50 ലക്ഷം കുടുംബങ്ങളിൽ ടി.വി ഉണ്ടെന്നും അതിൽ 30 ലക്ഷം വീടുകളിൽ കേബിൾ കണക്ഷനുണ്ടെന്നുമാണ് കണക്ക്. ദാരിദ്ര്യ രേഖക്കുതാഴെയുള്ള വീടുകളിൽ പോലും ടി.വി ഉണ്ടെന്നാണിതു സൂചിപ്പിക്കുന്നത്. കേബിൾ കണക്ഷനാവട്ടെ അമ്പതും നൂറും ചാനലുകളാണ് വിതരണം ചെയ്യുന്നത്. ഈ ചാനലുകൾ അപൂർവം ചിലതൊഴിച്ച് എല്ലാം അധാർമികതയുടെയും ലൈംഗികതയുടെയും മദ്യാസക്തിയുടെയും പ്രചോദനങ്ങൾ വീടിന്റെ അകത്തളങ്ങളിലേക്ക് പ്രചണ്ഡമായി ഒഴുക്കി വിടുന്ന വൻ നദികളാണ്.

കുടുംബത്തിന്റെ ശിഥിലീകരണത്തിലും മലിനീകരണത്തിലും മാത്രമല്ല ചാനലുകൾ ഏർപ്പെടുന്നത്; സമൂഹത്തെ ഭിന്നിപ്പിക്കുന്നതിലും സംഘർഷ ഭരിതമാക്കുന്നതിലും അവ അഹ മഹമികയാ പങ്കെടുക്കുന്നുണ്ട്. ഈയിടെ സംഘ്പരിവാരവും മറ്റു ചില തൽപരകക്ഷികളും ഉയർത്തിക്കൊണ്ടുവന്ന 'ലൗ ജിഹാദ്' എന്ന വ്യാജ വാർത്തയെ പൊലിപ്പിക്കുന്നതിൽ ചില മാധ്യമങ്ങൾ കാണിച്ച ബദ്ധപ്പാട് വിസ്മയാവഹമാണ്. എസ്.എ.ബി എന്ന എന്റർടെയ്ൻമെന്റ് ചാനലിന് രാത്രി 9.30ന് എഫ്.ഐ.ആർ എന്ന ഒരു പരിപാടിയുണ്ട്. ഒക്ടോബർ 22-ന് സംപ്രേ ഷണം ചെയ്ത എപ്പിസോഡിന്റെ സമാപനം ഇങ്ങനെയായിരുന്നു: പേരു വെളിപ്പെടുത്താത്ത ഒരാൾ ഒരു ലേഡി പോലീസ് ഇൻസ്പെക്ടർക്ക് ഫോൺ ചെയ്യുന്നു: 'ഞാൻ നിന്നെ കൊല്ലാ നാഗ്രഹിക്കുന്നു. ധൈര്യമുണ്ടെങ്കിൽ ഇന്ന കെട്ടിടത്തിന്റെ മട്ടുപ്പാവിൽ വരിക.' ഇൻസ്പെ ക്ടർ വെല്ലുവിളി സ്വീകരിച്ച് ബുള്ളറ്റ് പ്രൂഫ് ജാക്കറ്റണിഞ്ഞ് നിശ്ചിത സ്ഥലത്തെത്തി. ഫോൺ ചെയ്തയാൾ ഒരു മരത്തിൽ കയറി അവർക്കുനേരെ വെടിയുതിർക്കുന്നു. ഇൻസ്പെക്ടർ വെടികൊണ്ട് താഴെ വീഴുന്നു. ഇവിടെ ഘാതകന്റെ പേരു പറയുന്നില്ലെങ്കിലും അയാളുടെ വലതുവശത്ത് പച്ചനിറത്തിൽ കുംഭഗോപുരവും ഉയർന്ന മിനാരങ്ങളും കാണാം. ഘാതകന്റെ മതവും സമുദായവും വ്യക്തം! ഒക്ടോബർ 26-നായിരുന്നു അതിന്റെ തുടർച്ച. ഘാതകൻ ഇൻസ്പെക്ടറോട് പറയുന്നു: "നീയെന്റെ 'തീവ്രവാദി സഹോദരനെ' ജയിലിലടച്ചു. അയാൾ വധശിക്ഷക്ക് വിധിക്കപ്പെട്ടേക്കും. അതുകൊണ്ടാണ് ഞാൻ നിന്നെ കൊല്ലാൻ തീരുമാനിച്ച ത്." ജയിലിലുള്ള സഹോദരൻ തീവ്രവാദിയാണ്. അയാളെ പിന്തുണച്ചുകൊണ്ടാണ് ഘാത കൻ ഇൻസ്പെക്ടറെ കൊല്ലുന്നത്. കുറച്ചുമുമ്പ് കൊൽക്കത്തയിൽ ക്രിക്കറ്റ്താരം സൗരവ് ഗാംഗുലിയുടെ കൊച്ചുകുഞ്ഞിനെ ആരോ തട്ടിക്കൊണ്ടുപോയി വൻ തുക മോചനദ്രവ്യം ആവശ്യപ്പെട്ടു. ചെയ്തത് ഏത് ഗുണ്ടാഗ്രൂപ്പുമാവാം. പക്ഷേ പ്രതികൾ മുസ്‌ലിം തീവ്രവാദി കൾ തന്നെ എന്നു വരുത്താൻ ചില ചാനലുകൾ കളിച്ച കളി കാണേണ്ടതു തന്നെയായിരു ന്നു. ഒരു ചാനൽ ഏറെ ബദ്ധപ്പെട്ട് അവരെ മുംബൈയിലെ ഒരു തീവ്രവാദി ഗ്രൂപ്പുമായി ബന്ധിപ്പിക്കുകയും ചെയ്തു. വാർത്ത സംപ്രേഷണം ചെയ്യുമ്പോൾ തങ്ങളുടെ കണ്ടെത്തൽ പ്രേക്ഷക ഹൃദയങ്ങളിൽ രൂഢമാക്കാൻ താടിയും തലപ്പാവും തോക്കും ഖുർആൻ സൂക്ത ങ്ങളുടെ കാലിഗ്രാഫിയും ആവർത്തിച്ച് പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. സമുദായത്തിന്റെയും വ്യക്തികളുടെയും ഊരും പേരും പറയാതെ തന്നെ ജനമനസ്സുകളിൽ മുസ്‌ലിം സമുദായ ത്തെക്കുറിച്ച് ഭീകരപ്രതിഛായ വളർത്താൻ ചാനലുകൾ കണ്ടെത്തിയ പുതിയ തന്ത്രമാണി ത്.

ഇത്തരം കുചേഷ്ഠിതങ്ങളെ ചെറുക്കാൻ മാർഗങ്ങളുണ്ടായേ പറ്റൂ. വെറുതെ ബഹളം വെച്ച തുകൊണ്ട് കാര്യമില്ല. വിവേകപൂർണവും യുക്തിസഹവുമായ പരിപാടികളാണാവശ്യം. മാധ്യമ ദുഷ്പ്ര ചാരണങ്ങളെ മാധ്യമങ്ങളിലൂടെ തന്നെ പ്രതിരോധിക്കുകയാണ് ഏറ്റം ഫലപ്രദമായ രീതി. ഇസ്‌ലാ മിനെയും മുസ്‌ലിംകളെയും ബോധപൂർവം അവഹേളിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന മാധ്യമങ്ങളെ നിയമപരമായി നേരിടാനാകുമോ എന്നും ആലോചിക്കേണ്ടതാണ്.